"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് - വർക്കർ വിഭാഗം ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1531/2025/ID    തീയതി, തിരുവനന്തപുരം, 23-12-2025

---

പരാമർശം:- 1. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) സമർപ്പിച്ച 11.10.2023 ലെ നിവേദനം

2. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 21/01/2025-ലെ കെ.എസ്.ഡി.പി/ പി.ആർ.എസ്/6/2025/1199 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ വർക്ക്മെൻ കാറ്റഗറി ജീവനക്കാർക്ക് 01.04.2018 പ്രാബല്യത്തിൽ നടപ്പിലാക്കേണ്ട ദീർഘകാല കരാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ദീർഘകാല കരാർ അംഗീകരിക്കുന്നതുവരെ കമ്പനിയിലെ ജീവനക്കാർക്ക് 5000/- രൂപ ഇടക്കാലാശ്വാസമായി അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കമ്പനിയുടെ 258-ാമത് ബോർഡ് യോഗം ഇക്കാര്യം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാർക്ക് ഇടക്കാലശ്വാസം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിലെ വർക്കർ വിഭാഗം ജീവനക്കാർക്ക്, ശമ്പള പരിഷ്ക്കരണം അനുവദിക്കുന്ന വേളയിൽ ആയതിൽനിന്നും തട്ടിക്കിഴിക്കും എന്ന വ്യവസ്ഥയിൽ, 2025 സെപ്റ്റംബർ മാസം മുതൽ പ്രാബല്യത്തോടെ പ്രതിമാസം 1500/- രൂപ ഇടക്കാലാശ്വാസമായി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,
കലവൂർ, ആലപ്പുഴ

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

ധനകാര്യ (പി.യു-ഡി) വകുപ്പ്. (Vide No.3081432/PU-D1/28/2025-FIN dtd 09.09.2025)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Rajimon. M
Date: 24-12-2025 14:32:58

സെക്ഷൻ ഓഫീസർ.